# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: T 5360 — 25.10.2011 -ൽ മറുപടിക്ക്

## സ്കൂളുകളിൽ എൻ.സി.സി. യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ.വിജയൻ | പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സ്കൂളുകളിൽ എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ; | (എ) സ്കൂൾ അധികാരികൾ നിശ്ചിത അപേക്ഷാ ഫോമിൽ എൻ.സി.സി.യുടെ ബന്ധപ്പെട്ട യൂണിറ്റ് മുഖാന്തിരം അപേക്ഷിക്കേണ്ടതാണ്. അസോസിയേറ്റ് എൻ.സി.സി. ഓഫീസറുടെ സമ്മത സർട്ടിഫിക്കറ്റ് 10 വർഷത്തേക്കുള്ള എൻ.സി.സി. യൂണിറ്റിന്റെ non withdrawal certificate എന്നിവ ആവശ്യമാണ്. സാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം, അസോസിയേറ്റ് എൻ.സി.സി. ഓഫീസർക്ക് പ്രവർത്തിക്കുവാൻ ഓഫീസ് ആർമറി, പരേഡ് ഗ്രൗണ്ട് എന്നിവ കൂടാതെ വർഷം മുഴുവൻ എൻ.സി.സി. ട്രെയിനിംഗ് നടത്താൻ സ്കൂളുകളിൽ സൗകര്യമുണ്ടായിരിക്കണം. അറുനൂറ് കേഡറ്റുകൾക്ക് പതിനാല് ദിവസം സ്കൂൾ പരിസരത്തിനുള്ളിൽ തന്നെ എൻ.സി.സി.യുടെ വാർഷിക ട്രെയിനിംഗ് ക്യാമ്പ് |

നടത്തുന്നതിനുള്ള സ്കൂൾ അധികാരികളുടെ രേഖാ മൂലമുള്ള സമ്മതവും അപേക്ഷയോടൊപ്പം ഹാജരാക്കണം. നിശ്ചിത ഫോമിലുള്ള അപേക്ഷകൾ ലഭിച്ചാൽ ഇവ വെയിറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും സീനിയോറിറ്റി ക്രമത്തിൽ അലോട്ട്മെന്റിന് പരിഗണിക്കുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| (ബി) | നാദാപുരം മണ്ഡലത്തിലെ എത്ര സ്ക്കൂളുകളിൽ എൻ.സി.സി. യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട് : | (ബി) | നാദാപുരം മണ്ഡലം **30** കേരള ബറ്റാലിയൻ എൻ.സി.സി കോഴിക്കോടിന്റെ പരിധിയിലാണ്. പ്രസ്തുത ബറ്റാലിയനിൽ നിലവിൽ 17 സ്ക്കൂളുകളിൽ എൻ.സി.സി യൂണിറ്റ് അനുവദിച്ചിട്ടുണ്ട് |
| (സി) | അപേക്ഷിച്ചിട്ടും എൻ.സി.സി. യൂണിറ്റുകൾ അനുവദിക്കാത്ത എത്ര സ്ക്കൂളുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | 218 സ്ക്കൂളുകൾ |

Mary Joseph K

സെക്ഷൻ ഓഫീസർ